## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 351 — 12.01.2021 - ൽ മറുപടിക്ക്.

### എ.പി.എൽ./ബി.പി.എൽ. ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പുതിയതായി റേഷൻ കാർഡ് അനുവദിക്കപ്പെടുമ്പോൾ അവയിൽ തുച്ഛവരുമാനക്കാരായ തോട്ടം തൊഴിലാളികളും അവരുടെ ആശ്രിതരും മാത്രമാണ് ഉൾപ്പെടുന്നതെങ്കിൽ പോലും പ്രസ്തുത കാർഡുകൾ എ.പി.എൽ. വിഭാഗത്തിലാണ് അനുവദിക്കപ്പെടുന്നതെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ<br>(ബി) ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | നിലവിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിഗണിച്ച് 24 മണിക്കൂറിനകം എല്ലാവർക്കും റേഷൻ കാർഡ് നൽകും എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളുടെ വ്യക്തമായ പരിശോധന നടത്താതെ മുൻഗണനേതര നോൺ-സബ്സിഡി കാർഡാണ് അനുവദിച്ചു വരുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പുതുതായി റേഷൻ കാർഡ് അനുവദിക്കപ്പെടുമ്പോൾ ആയത് എ.പി.എൽ./ബി.പി.എൽ. ഗണത്തിൽ ഉൾക്കൊളളിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടെ പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ വിഭാഗങ്ങൾക്ക് പകരമായി മുൻഗണന/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുളളത്. സാമൂഹികവും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18.09.2017ലെ സ.ഉ.(സാധാ നം. 320/17/ഭ.പൊ.വി.വ പ്രകാരമുളള മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുളളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര കാർഡുടമകൾക്ക് റേഷൻ കാർഡുകൾ എ.പി.എൽ. ൽ നിന്ന് ബി.പി.എൽ.ലേക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ 1780 മുൻഗണനാ കാർഡുകൾ അനുവദിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ) നം.320/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 18.09.2017

---

പരാമർശം: - 1) 14.01.11 ലെ സ.ഉ(കൈ) നം.16/11/ത.സ്വ.ഭ.വ
2) 27.04.12 ലെ സ.ഉ(കൈ) നം.112/12/ത.സ്വ.ഭ.വ
3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 31.08.2017 ലെ (സി.എസ്) എ6-19331/17 നം. കത്ത്.

## ഉത്തരവ്

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കിയ പട്ടികയിൽ ധാരാളം അനർഹർ കടന്നു കൂടുകയും അർഹർ ഒഴിവായിപോകുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിനാലും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3(13) പ്രകാരം അന്തിമ മുൻഗണനാ പട്ടിക തുടർച്ചയായി പുനരവലോകനം നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും നിലവിലെ മാനദണ്ഡങ്ങളിൽ ശ്രദ്ധയിൽ പ്പെടുത്തപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2)

a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ

c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ.

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ;

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

3)

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം - സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (a) യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷന്മാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ;

എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതുകൂടാതെ പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും എസ്.ടി, എസ്.സി ഉൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള്ള പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽകി ഉൾപ്പെടുത്തേണ്ടതാണ്.

5) തൊഴിൽരഹിതർ എന്ന നിലയിൽ മാർക്ക് നൽകുന്നത് കുടുംബനാഥൻ/നാഥ/വീട്ടിലെ മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗം എന്നിവർക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഉതകുന്ന രീതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനും അങ്ങനെ വരുന്ന മാറ്റങ്ങൾ സർക്കാർ അനുമതിയോടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്.**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ വകുപ്പ്
4. സാമൂഹ്യ നീതി വകുപ്പ്
5. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി
8. ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ